**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - നീലേശ്വരം നഗരസഭ – ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.കെ.രാധാമോഹനെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം./486/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/02/2018

---

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 15.07.2015 തീയതിയിലെ സി.ടി.പി. (വിജ്) നം.520/15 നമ്പർ കത്ത്.

2 . നീലേശ്വരം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.കെ.രാധാമോഹന് നൽകിയ 03.05.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/431/2015- ത.സ്വ.ഭ.വ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

3 . കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.പി.കെ.രാധാമോഹൻ സമർപ്പിച്ച 06.06.2016 തീയതിയിലെ വിശദീകരണം.

4. നഗരകാര്യ ഡയറക്ടറുടെ 13.01.2017, 21.04.2017 തീയതികളിലെ വി2-10673/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2012-2013 കാലഘട്ടത്തിൽ ശ്രീ.മായിൻകാടത്ത് അബൂബക്കർ സമർപ്പിച്ച അപേക്ഷയിൻമേൽ ലഭ്യമാക്കിയ കെട്ടിടനിർമാണ അനുമതി, കേരള മുൻസിപ്പൽ ബിൽഡിംങ് ആക്ട് 1999-ലേയും ഫയർ ആന്റ് റസ്ക്യൂ പ്രൊവിഷൻ 55, 8 A എന്നിവയ്ക്കും വിരുദ്ധമാണെന്ന് 15.07.2015 തീയതിയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നീലേശ്വരം നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2012-2013 കാലഘട്ടത്തിൽ നീലേശ്വരം നഗരസഭാ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.പി.കെ.രാധാമോഹന് പരാമർശം രണ്ട് പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.ആയതിന് ശ്രീ.പി.കെ.രാധാമോഹനൻ സമർപ്പിച്ച പരാമർശം മൂന്നിലെ മറുപടി പരിഗണിക്കാവുന്നതാണെന്നും 31.05.2013 തീയതിയിൽ

സേവനത്തിൽ നിന്നും വിരമിച്ചതിനാലും നഗരസഭ അനധികൃത നിർമാണത്തിനെതിരെ നടപടി സ്വീകരിച്ചു വരുന്നതിനാലും ടിയാനെതിരായ തുടർനടപടികൾ ഒഴിവാക്കാമെന്ന് നഗരകാര്യഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. ശ്രീ.പി.കെ.രാധാമോഹനെ 25.11.2017 ൽ നേരിൽക്കേട്ടു. നീലേശ്വരം നഗരസഭാ പരിധിയിലെ മൂന്നാം വാർഡിലെ മായിൻകാടത്ത് അബൂബക്കർ (നിയർ പോസ്റ്റോഫീസ്, രാജാറോഡ്, നീലേശ്വരം) എന്ന വ്യക്തിയുടെ 22.08.2012-ലെ അപേക്ഷ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാംനില III – 475 ഇ, എഫ്, ജി, എച്ച്, രണ്ടാം നില III – 475 ഐ, ജെ എന്നീ മുറികൾ പാർട്ടിഷൻ ചെയ്യുന്നതിനാണ് പെർമിറ്റ് നല്കിയിട്ടുള്ളതെന്നും നിലവിൽ കെട്ടിട നമ്പറുള്ള മുറികൾക്ക് പാർട്ടിഷൻ നൽകുന്നത് കേരള മുൻസിപ്പൽ ബിൽഡിങ് ആക്ടിനു വിരുദ്ധമല്ലെന്നും സെക്രട്ടറി എന്ന നിലയിൽ പ്രസ്തുത കെട്ടിടത്തിന് പുതുതായുള്ള നിർമാണത്തിന് പെർമിറ്റ് നല്കുകയോ ഒക്യുപൻസി നല്കുകയോ ചെയ്തിട്ടില്ലായെന്നും ആയതിനാൽ കേവലം പെൻഷൻ തുക കൊണ്ടുമാത്രം ജീവിക്കുന്ന ടിയാനെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു..

3 . ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട്, ശ്രീ.പി.കെ.രാധാമോഹന്റെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി ശ്രീ.പി.എ.രാധാമോഹനനെ നേരിൽക്കേട്ടപ്പോൾ ടിയാൻ ലഭ്യമാക്കിയ മറുപടി എന്നിവ സർക്കാർ പരിശോധിച്ചു. കെട്ടിട നമ്പറുള്ള മുറികൾക്കാണ് പാർട്ടിഷൻ നൽകിയിട്ടുള്ളതെന്നതിനാലും പുതുതായുള്ള നിർമ്മാണതിന് പെർമിറ്റ് നല്കിയിട്ടില്ലാത്തതിനാലും ടിയാന്റെ അപേക്ഷയും നഗരകാര്യഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് നീലേശ്വരം നഗരസഭാ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.പി.കെ.രാധാമോഹനെ ,ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
സെക്രട്ടറി, നീലേശ്വരം നഗരസഭ

ശ്രീ.പി.കെ.രാധാമോഹൻ, മുൻ സെക്രട്ടറി, നീലേശ്വരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.